# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 3623 — 25-06-2013-ൽ മറുപടിക്ക്

### കെ.എ സ് .ഇ .ബിയിൽ പുതിയ ഒഴിവുകൾക്ക് ബോർഡിന്റെ അംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) | |
| (എ) | കെ. എസ് ഇ . ബി യിൽ പുതിയ ഒഴിവുകൾ പി.എസ്സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പ് ബോർഡ് യോഗത്തിന്റെ അംഗീകാരം വാങ്ങണമെന്ന ഉത്തരവ് നിലവിലുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത ഉത്തരവ് എന്നാണ് പ്രാബല്യത്തിൽ വന്നത് ; | (ബി) | പ്രസ്തുത ഉത്തരവ്, 05.04.2013 — ലെ . B.O (FM) No.790/2012 (KSEB/TRAC/ARR & ERC 2013-14) എന്ന ബോർഡ് ഉത്തരവിലൂടെ 05.04.2013 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉത്തരവിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ? | സി) | വൈദ്യുതി ബോർഡിന്റെ വിവിധ മേഖലകളിലും ഓഫീസുകളിലും ജോലി ചെയ്തുകൊണ്ടിരിക്കുന്ന ജീവനക്കാരുടെ വിവരങ്ങളും നിലവിലുള്ള ഒഴിവുകളും ബോർഡ് മാനേജ്മെൻറ് അറിയേണ്ടതുണ്ട്. ഇതു കൂടാതെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനു വേണ്ടി ജീവനക്കാരെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തേണ്ടതും അത്യാവശ്യമുള്ള മേഖലകളിലേയ്ക്ക് ജോലി കുറവുള്ള മേഖലകളിൽ നിന്ന് ജീവനക്കാരെ പുനർവിന്യസിക്കേണ്ടതുമുണ്ട്. |

ടി കാരണങ്ങളാലാണ് ജീവനക്കാരുടെ ഒഴിവുകൾ സംബന്ധിച്ചും ടി ഒഴിവുകൾ പി.എസ്.സി ക്കു റിപ്പോർട്ടു ചെയ്യുന്നതു സംബന്ധിച്ചുമുള്ള വിവരങ്ങൾ ബോർഡ് മാനേജ്മെൻറിനെ അറിയിക്കണമെന്നും ബോർഡിന്റെ അംഗീകാരം നേടണമെന്നു നിഷ്കർഷിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ